# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :709 29.11.2018-ൽ മറുപടിക്ക്

**മേലാർകോട് പഞ്ചായത്തിൽ അനധികൃത സഹകരണ സംഘം**

ചോദ്യം — ശ്രീ.കെ.ഡി. പ്രസേനൻ

മറുപടി — ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ മേലാർകോട് പഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന മേലാർകോട് സർവ്വീസ് സഹകരണ ബാങ്ക് എന്ന സ്ഥാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടും പ്രസ്തുത സഹകരണ സ്ഥാപനം പ്രവർത്തിച്ച് വരുന്നതായുള്ള പരാതി ലഭ്യമായിട്ടുണ്ടോ; | (ബി) | ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് സമർപ്പിച്ച പരാതി ലഭിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ആയതിന്റെ പ്രവർത്തനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയായ ആലത്തൂർ, മേലാർകോട് എന്നീ 2 ഗ്രാമപഞ്ചായത്തുകളിൽ നിന്നും മേലാർകോട് ഗ്രാമപഞ്ചായത്ത് മാത്രം പ്രവർത്തന പരിധി അനുവദിച്ച് കൊണ്ട് മേലാർകോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.1403 എന്ന പുതിയയൊരു സംഘം രജിസ്റ്റർ ചെയ്ത് കൊണ്ട് പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിച്ച ഉത്തരവിനെതിരെയും, തുടർന്ന് ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധി ആലത്തൂർ ഗ്രാമപഞ്ചായത്ത് മാത്രമാക്കി ബൈലാ ഭേദഗതി ചെയ്യുന്നതിന് ആവശ്യപ്പെട്ട് പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) നൽകിയ കത്തിനെതിരെയും 1969-ലെ കേരള സഹകരണ നിയമം 83(I)(J) പ്രകാരം ആലത്തൂർ സർവ്വീസ് സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്ക്, സർക്കാർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപ്പീൽ അപേക്ഷ പരിഗണിച്ച് ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ മേലാർകോട് സർവ്വീസ് സഹകരണ ബാങ്ക് രജിസ്റ്റർ ചെയ്ത് നൽകിയതും ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ബൈലോ ഭേദഗതി ചെയ്യുന്നതിനും നിർദ്ദേശിച്ചതുമായ പാലക്കാട് ജോയിന്റ് രജിസ്ട്രാറുടെ നടപടി നിയമപരമായി നിലനിൽക്കുന്നതല്ലാത്തതിനാൽ ആലത്തൂർ സർവ്വീസ് സഹകരണ ബാങ്ക് 1969 ലെ കേരള സഹകരണ നിയമം പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ അനുവദിച്ചുകൊണ്ടും പാലക്കാട് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ടെ അപ്പീലിനാധാരമായ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.<br><br>മേലാർകോട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വിലക്കിക്കൊണ്ട് പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും 12/07/2018 ൽ ഉത്തരവ് നൽകിയിരുന്നു. ഈ ഉത്തരവിനെ ചോദ്യം ചെയ്ത് മേലാർകോട് സർവ്വീസ് സഹകരണ ബാങ്ക് ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നമ്പർ 24114/2018 സമർപ്പിക്കുകയും മേൽ ഉത്തരവിലെ തുടർനടപടികളിൽ സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**